(ബി) നിലവിലുള്ള സർവ്വീസുകൾ റദ്ദ് ചെയ്യുന്നതിന് കെ. എസ്. ആർ. ടി. സി. എന്തെങ്കിലും മാനദണ്ഡം ഉണ്ടാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഇത്തരം റദ്ദ് ചെയ്ത സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തിരുവനന്തപുരം ജില്ലയിൽ 1250 ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 1239 ഷെഡ്യൂളുകൾ നിലവിലുണ്ട്. വിവിധ യൂണിറ്റുകളിലായി നഷ്ടത്തിലോടിച്ചിരുന്ന 83 ഷെഡ്യൂളുകൾ കുറവു ചെയ്യുകയും പുതുതായി 72 ഷെഡ്യൂളുകൾ അനുവദിക്കുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) തുടർച്ചയായി തീരെ കുറഞ്ഞ കളക്ഷനിൽ ഓടുന്ന ഷെഡ്യൂളുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്നു. ഇത്തരം ഷെഡ്യൂളുകൾ നിലനിർത്തുന്നത് കോർപ്പറേഷന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അത്തരം ഷെഡ്യൂളുകൾ കണ്ടെത്തി റദ്ദ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് നിയോഗിച്ച ഉന്നതാധികാര സമിതി നൽകിയ റിപ്പോർട്ടിൽ 10 രൂപയിൽ താഴെ ഇ. പി. കെ. എം. ഉള്ള ഷെഡ്യൂളുകൾ നിർത്തലാക്കണമെന്ന് ശുപാർശ ചെയ്തിട്ടുമുണ്ട്.

(ഡി) തുടർച്ചയായി നഷ്ടത്തിലോടിയതിന്റെ പേരിൽ നിർത്തലാക്കപ്പെട്ട ഷെഡ്യൂളുകൾ പുനരാരംഭിക്കുന്നത് കോർപ്പറേഷന്റെ പ്രവർത്തനത്തെ ഹാനികരമായി ബാധിക്കുമെന്നതിനാൽ ഇത്തരം ഷെഡ്യൂളുകൾ പുനരാരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കാനാവില്ല.

നഗരത്തിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് വേഗത കുറയ്ക്കാൻ നടപടി

64 [1372] ശ്രീ. സി. ടി. അഹമ്മദ് അലി:

,, കളത്തിൽ അബ്ദുള്ള:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, കെ. എൻ. എ. ഖാദർ:

,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. സിറ്റി ഡിപ്പോയിലെ ബസ്സുകൾക്ക് നിലവിലുള്ള റണ്ണിംഗ് ടൈം കുറവ് വരുത്തി നിശ്ചയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റണ്ണിംഗ് ടൈം കുറച്ച ഈ ബസ്സുകൾക്ക് ട്രിപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) റണ്ണിംഗ് ടൈം കുറച്ച് ട്രിപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചതിന്റെ ഫലമായി തിരക്കേറിയ തലസ്ഥാന നഗരിയിൽ വേഗത കൂട്ടി ബസ്സുകൾ ഓടിക്കുന്നതിനാൽ അപകട സാദ്ധ്യത വർദ്ധിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ബസ്സുകളുടെ വേഗത കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) റണ്ണിംഗ് ടൈം കുറച്ചുകൊണ്ട് ട്രിപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ഡിപ്പോയിൽനിന്നും നിർത്തൽ ചെയ്ത ബസ്സ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി

65 [1373] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ ഷെഡ്യൂൾ പ്രകാരം എത്ര ബസ്സ് സർവ്വീസാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഷെഡ്യൂൾ പ്രകാരം എത്ര സർവ്വീസ് നിർത്തൽ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. ഡിപ്പോയോടനുബന്ധിച്ചുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ഡിപ്പോയുടെ വികസനത്തിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും നിർത്തൽ ചെയ്ത ബസ്സ് സർവ്വീസ് എന്നേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly